പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 63 — 26/02/2018-ൽ മറുപടിക്ക്

## ദേവികുളം നിയോജകമണ്ഡലത്തിലെ ബയോഡൈവേഴ്സിറ്റി പാർക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്. രാജേന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| | ദേവികുളം നിയോജകമണ്ഡലത്തിൽ കെ.ഡി.എച്ച് വില്ലേജിൽ ബയോ ഡൈവേഴ്സിറ്റി പാർക്ക് ആരംഭിക്കുന്നതി നുള്ള നടപടിക്രമങ്ങൾ എന്തെല്ലാ മായെന്ന് വ്യക്തമാക്കുമോ ; | | ദേശീയ ജൈവവൈവിധ്യ ഉദ്യാനം സ്ഥാപിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 50 ഹെക്ടർ ഭൂമി ആവശ്യമാണ്. ജലത്തി ന്റെയും വൈദ്യുതിയുടേയും ലഭ്യത ഉറപ്പ് വരുത്തേണ്ടതുണ്ട്. 40% പ്രകൃത്യാ ഉള്ള വന നിബിഡമായതും, 45 ഡിഗ്രിയിൽ കൂടാത്ത ചരിവുള്ളതുമായ ഭൂമിയാണ് അനുയോജ്യം.<br><br>ഇടുക്കി ജില്ലയിലെ ദേവികുളം നിയോജകമണ്ഡലത്തിൽ മൂന്നാറിൽ ഒരു ദേശീയ ജൈവ വൈവിധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാനകേന്ദ്രവും നിർമ്മി ക്കുന്നതിന് ദേവികുളം നിയോജകമണ്ഡല ത്തിലെ കെ.ഡി.എച്ച് വില്ലേജിൽ സർവ്വെ 8/1 ൽപ്പെട്ട 62.53 ഏക്കർ ഭൂമി റവന്യൂ അധികൃതർ കണ്ടെത്തിയിരുന്നു. ജൈവ വൈവിധ്യ ബോർഡ് ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സംഘം 04-04-2017 ന് ടി പ്രദേശം സന്ദർശനം നടത്തിയതിൽ പ്രസ്തുത 62.53 ഏക്കർ ഭൂമിയിൽ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുവാൻ കഴിയില്ല എന്നു കണ്ടു. എന്നാൽ ഈ പ്രദേശമുൾപ്പെടെ ചുറ്റുമുള്ള ഏകദേശം 400 ഏക്കർ ഭൂമി കൂടി കൈമാറിക്കിട്ടിയാൽ പൊതുജനങ്ങളുടെ സന്ദർശനത്തിന് സൗകര്യപ്രദമായതും മികവുറ്റതുമായ ദേശീയ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുവാൻ ജൈവ വൈവിധ്യ ബോർഡിന് സാധിക്കും എന്നതിനാൽ ചുറ്റുമുള്ള ഭൂമി കൂടി കൈമാറി ലഭിക്കുന്നതി നായി ബോർഡ് ശ്രമം നടത്തിയെങ്കിലും ഭൂമി ലഭ്യമായില്ല. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ദേശീയ ജൈവ വൈവിധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാനകേന്ദ്രവും നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**